പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

എസിഡി.എസ്പിസി(1)/163515/2019/എച്ച്.എസ്.ഇ തീയതി: 28/11/2019

# സർക്കുലർ

വിഷയം: **2020-21 അധ്യയന വർഷത്തെ പ്ലസ്‌വൺ, പ്ലസ്ടു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇന്റന്റിങ് ആരംഭിക്കുന്നത് - സംബന്ധിച്ച്.**

2020-21 അധ്യയന വർഷത്തേക്കാവശ്യമായ **പ്ലസ്‌വൺ, പ്ലസ്ടു പാഠപുസ്തകങ്ങളുടെ** ഓൺലൈൻ ഇന്റന്റിങ് **28/11/2019** മുതൽ ആരംഭിച്ചിട്ടുണ്ട്. **07/12/2019** വൈകിട്ട് മൂന്നു മണി വരെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും (അൺഎയ്ഡഡ് ഉൾപ്പെടെ) ഇന്റന്റ് ചെയ്യാവുന്നതാണ്. ഹയർ സെക്കൻഡറി, www.dhseonline.in എന്ന വെബ്പോർട്ടൽ, ഓൺലൈൻ ഇന്റന്റിനായി സജ്ജീകരിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം മുതൽ 74 ഹയർ സെക്കൻഡറി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതു കൂടി ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതാണ്. മലയാളം പരിഭാഷാ പാഠപുസ്തകങ്ങളുടെ ഇന്റന്റിങും ഇതോടൊപ്പം തന്നെ ചെയ്യാവുന്നതാണ്.

ഇന്റന്റ് 'Confirm' ചെയ്തശേഷം ആയത് പ്രിന്റെടുത്ത് നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

- www.dhseonline.in പോർട്ടലിൽ 'Register' ലിങ്കിൽ കയറി ആയതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ (പിൻകോഡ്, ഫോൺ നമ്പർ ഉൾപ്പെടെ) നൽകി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ലഭിക്കുന്ന User ID -യും Password -ഉം ഉപയോഗിച്ചു മാത്രമേ ലോഗിൻ സാധ്യമാകുകയുള്ളൂ.
- തുടർന്ന് പ്രസ്തുത ലോഗിൻ ഐ.ഡി.യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
- ആദ്യം പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ നൽകി വിവരങ്ങൾ 'Save' ചെയ്യുക. (**യാതൊരു കാരണവശാലും പ്ലസ്ടു പാഠപുസ്തകങ്ങളുടെ എണ്ണം കൂടി നൽകാതെ 'Confirm'** ചെയ്യാൻ പാടില്ല)

- തുടർന്ന് പ്ലസ്ടു പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി 'Save' ചെയ്യുക.
- കൊടുത്ത വിവരങ്ങൾ കൃത്യമായി 'Save' ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം 'Confirm' ചെയ്യുക.
- ലോഗിൻ ഐ.ഡി.യും പാസ്‌വേഡും തുടർ ഉപയോഗത്തിനായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- നിലവിലുള്ള സ്റ്റോക്ക് പരിശോധിച്ചതിനുശേഷം മാത്രം 2018-19 ലേക്കുള്ള പാഠപുസ്തകങ്ങൾ ഇന്റന്റ് ചെയ്യുക.
- ഇന്റന്റിംങ് സംവിധാനത്തിൽ തകരാറുള്ളപക്ഷം, IT@School -ൽ ബന്ധപ്പെടേണ്ടതാണ് (0471- 2529800).

<u>മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ പാഠപുസ്തകങ്ങളുടെ ഇന്റന്റ്ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത്.</u>

- പാഠപുസ്തകങ്ങൾ വില ഈടാക്കിയാണ് നൽകുന്നത്. ഇന്റന്റ് ലഭിച്ച ശേഷം മാത്രമേ പുസ്തകങ്ങളുടെ വിലനിർണ്ണയം പൂർത്തിയാകൂ എന്നതിനാൽ നിലവിൽ പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളുടെ വില പോർട്ടലിൽ ലഭ്യമാക്കിയിട്ടില്ല.
- ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കി മാത്രമേ ഇന്റന്റ് ചെയ്യാവൂ.
- പരിഭാഷപ്പെടുത്തിയ പാഠപുസ്തകങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.
- ഓരോ ടൈറ്റിലും 'Save' ചെയ്ത് മാത്രമേ അടുത്ത ടൈറ്റിലിനു വേണ്ട എണ്ണം നൽകാവൂ. 'Save' ചെയ്ത വിവരങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ 'Edit' ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. ഈ പേജിൽ 'Confirm' ബട്ടൺ ഉണ്ടായിരിക്കുന്നതല്ല.

വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാണെന്നതിനാൽ ഇന്റന്റ് കൃത്യസമയത്ത് തന്നെ പൂർത്തിയാക്കണമെന്നറിയിക്കുന്നു.

ഒപ്പ്

**അസിസ്റ്റന്റ് ഡയറക്ടർ (അക്കാദമിക്)**
**ജോയിന്റ് ഡയറക്ടർക്കുവേണ്ടി**